**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2786** **24-02-2026 - ൽ മറുപടിയ്ക്ക്**

**ജണ്ട നിർമ്മാണത്തിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം വനം ഡിവിഷനിൽ 2019-20 & 2020-21 സാമ്പത്തിക വർഷത്തിൽ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് അഴിമതി ഉണ്ടായതായുള്ള പരാതി ലഭിച്ചിട്ടുണ്ടോ; ആയതിന്മേൽ അന്വേഷണം നടത്തിയിരുന്നോ; അഴിമതിയുമായി ബന്ധപ്പെട്ട് കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്ക് എതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. വനം വിജിലൻസ് വിഭാഗത്തിന്റെ നിർദ്ദേശ പ്രകാരം കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കുറ്റപത്രം/ കുറ്റാരോപണ പത്രിക, കാരണം കാണിക്കൽ നോട്ടീസ് എന്നിവ കുറ്റാരോപിതർക്ക് നൽകി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത വിഷയത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരിൽ വകുപ്പ് തല നടപടികൾ സ്വികരിക്കുന്നതിന് മുമ്പ് പെൻഷൻ ആയവർക്ക് ആനുകൂല്യങ്ങൾ നൽകിയതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | ഉണ്ട്. ആയത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ